കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തിരുവനന്തപുരം ജില്ല -ആര്യനാട് ഗ്രാമപഞ്ചായത്ത് -കുളം പുറമ്പോക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പാട്ടത്തിന് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1463/2013/തസ്വഭവ തീയതി, തിരുവനന്തപുരം 5-6-2013

---

പരാമർശം: 1) ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 12/3/2013 ലെ 7-ാം നമ്പർ തീരുമാനം

2) ആര്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/3/2013 ലെ ബി2 922/12 നമ്പർ കത്ത്

ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218 വകുപ്പ് പ്രകാരം നിക്ഷിപ്തമായ ആര്യനാട് വില്ലേജ് ബ്ളോക്ക് നമ്പർ 47, റീസർവ്വേ 74/11 ൽപ്പെട്ട 40.5 സെന്റ് കുളം പുറമ്പോക്ക് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 99 വർഷത്തേക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പ്രതിവർഷം 1000 രൂപ നിരക്കിൽ പാട്ടത്തിന് നല്കുന്നതിന് പരാമർശം(1) പ്രകാരം തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം സെക്രട്ടറി അനുമതിക്കായി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിക്ഷിപ്തമായ വ്യവസ്ഥകൾ ലംഘിക്കാതെയും കുളത്തിന്റെ സംരക്ഷണം ഉറപ്പാക്കിയും ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പാട്ടതുകക്ക് അനുസൃതമായി ആര്യനാട് വില്ലേജ് ബ്ളോക്ക് നമ്പർ 47, റീ സർവ്വേ 74/11 ൽപ്പെട്ട 40.5 സെന്റ് കുളം പുറമ്പോക്ക് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 99 വർഷത്തേക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പാട്ടത്തിന് നല്കുന്നതിന് ആര്യനാട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഷൈനി ജോർജ്ജ്

അണ്ടർ സെക്രട്ടറി.

സെക്രട്ടറി ,ആര്യനാട് ഗ്രാമ പഞ്ചായത്ത്, ആര്യനാട് പി.ഒ,
തിരുവനന്തപുരം 695542

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം

സെക്രട്ടറി , കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

റവന്യൂ(യു)വകുപ്പ്(5/5/2013 ലെ 23441/യു3/2013/റവന്യൂ പ്രകാരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.